(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ ഡി/പി-10/ 2129/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ: 04952371012
Email:- dokkd.ksa.kerala.gov.in

തീയതി:22-12-2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ ഡി/പി10/2129 /16 തിയ്യതി:-22-12-2016

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനദിവസം അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.കെ സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഇ.എം.പ്രബോധ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷൈനി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ആർ.കെ.ദിശ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷൈനി.പി.കെ | 1.04.2015-31.10.2015 |
| | ശ്രീ.ബിനോയ്.ഇ.ടി | 1.11.2015 - 31.03.2016 |
| സെക്രട്ടറി | ശ്രീ. ഫവാസ് ഷമീം(ഇൻ ചാർജ്ജ്) | 01.04.2015-26.07.205 |
| | ശ്രീമതി.റോസമ്മ ജേക്കബ് | 27.07.205 - 31.03.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ. ഫവാസ് ഷമീം | 01.04.2015 – 31.03.2016 |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി. അശ്വതി എസ് പ്രസാദ് | 01.04.2015 – 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വീര്യമ്പ്രം സർക്കിൾ) | ശ്രീമതി. ലക്ഷ്മി ശശീന്ദ്രൻ | 01.04.2015 – 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉണ്ണികുളം, കരുമല സർക്കിൾ) | ശ്രീമതി. സിന്ധു. കെ | 01.04.2015 – 31.03.2016 |
| ഹെഡ്മിസ്ട്രസ് ജി യു പി എസ്, ഉണ്ണികുളം | ശ്രീമതി. ഒ കെ മഹിജ | 01.04.2015 – 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.സി കെ ഷാജിബ് | 01.04.2015 – 31.03.2016 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.എ എൻ സഹദേവൻ | 01.04.2015 – 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജ്യോതിലക്ഷ്മി | 01.04.2015 – 12.06.2015 |
| | ശ്രീമതി.ലക്ഷ്മി | 07.08.2015 – 31.03.2016 |
| കൃഷി ഓഫീസർ | ശ്രീ. മുഹമ്മദ് ഇഖ്ബാൽ | 01.04.2015 – 31.03.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു.എൻ | 01.04.2015 – 31.03.2016 |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1<br>പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | 2-1 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ | |
| 13 | 2-2 | മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. | |
| 14 | 2-3 | വസ്തു നികുതിയിനത്തിൽ 19.96ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി. | |
| 15 | 2-4 | അനധികൃത കെട്ടിടനിർമ്മാണങ്ങൾ - തുടർനടപടി സ്വീകരിച്ചില്ല | |

| | | | |
|---|---|---|---|
| | | ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | 3-1 | വോയ്ഡ്സിന്റെ അളവ് കുറയ്ക്കാതെ ബിൽ തയ്യാറാക്കി - കൺവീനർമാർക്ക് 1,62,743 രൂപ അധികം നൽകി | |
| 17 | 3-2 | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായതിലും കൂടുതൽ ധനസഹായം നൽകിയതും മറ്റപാകതകളും | |
| 18 | 3-3 | ഗ്രാമപഞ്ചായത്തിന്റെ നടത്തിപ്പ് ചുമതലയിൽപ്പെടാത്ത സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം ചെയ്തു. | |
| | 3-4 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | |
| 19 | 3-5 | IRC സ്പെഫിക്കേഷന് വിരുദ്ധമായി ക്വാറിപൊടി സബ് ബേസായി ഉപയോഗിച്ച് റോഡ് പ്രവൃത്തി നടത്തി. | |
| 20 | 3-6 | നിർമ്മാണ പ്രവൃത്തികൾ - കൺവീനർമാരിൽ നിന്നും ആദായ നികുതി ഈടാക്കുന്നില്ല. | |
| 21 | 3-7 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | |
| 22 | 3-8 | കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - അപാകതകൾ | |
| 23 | 3-9 | തെരുവ് വിളക്ക് സ്ഥാപിക്കൽ 2012-13 -സിഡ്കോയ്ക്ക് ബാലൻസ് തുക നൽകൽ - അപാകതകൾ | |
| 24 | 3-10 | അടുക്കളത്തോട്ടം - പച്ചക്കറി കൃഷി (വനിത) - അപാകതകൾ | |

| | | | |
|---|---|---|---|
| 25 | 3-11 | വാട്ടർ ചാർജ്-അധികം അടവാക്കിയത് | |
| 26 | 3-12 | അവശ്യ മരുന്ന് ഇല്ലാതെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു. | |
| 27 | 3-13 | ഭവനനിർമ്മാണം (എസ് സി) - അപാകതകൾ | |
| 28 | 3-14 | ആശ്രയപദ്ധതി - അപാകതകൾ | |
| 29 | 3-15 | ഐ എ വൈ വിഹിതമടവാക്കൽ വിശദമായ വിനിയോഗ വിവരമില്ല | |
| 30 | 3-16 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗവിവരം ഹാജരാക്കിയില്ല. | |
| 31 | 3-17 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | |
| 32 | 3-18 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | |
| | | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 34 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 37 | 4-6 | ഓഡിറ്റ് റിക്കവറി | |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 39 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |

| | | | |
|---|---|---|---|
| 40 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 41 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.03.2016തിയതിയിലെ 64/16നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10.11.2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 24672009.86

വരവ് - 64205714

ആകെ - 88877723.86

ചെലവ് - 75661107

നീക്കിയിരിപ്പ് - 13216616.86

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ്(ട്രാൻസ്ഫർ ക്രെഡിറ്റ് ഉൾപ്പെടെ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2188766 | 15781519 | 17970285 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 3198496 | 7500544 | 10699040 | | 0 |
| വികസനഫണ്ട് | 00 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 597585 | 7537490 | 8135075 | 8135075 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2838027 | 1263677 | 4101704 | 4101704 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1543688 | 7203325 | 8747013 | | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5672265 | 4890079 | 10562344 | | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 62000 | 27407106 | 27469106 | 27464887 | 4219 |
| ബി ഫണ്ട് | 0 | 40691845 | 40691845 | 40691845 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 96140409 | 140 | 59294942 | 65 | 49 | 55.11 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4737904 | 5629642 | 891738 | (+)18.82 |
| നികുതിയേതര വരവുകൾ | 805767 | 809332 | 3565 | (+)0.44 |
| മറ്റുവരവുകൾ | 283814 | 105570 | 178244 | (-)62.80 |
| ആകെ | 5827485 | 6544544 | 717059 | (+)12.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 795000 | 680 |
| കർഷകതൊഴിലാളി പെൻഷൻ | 6852180 | 1004 |
| വിധവാപെൻഷൻ | 15456240 | 1803 |
| വാർദ്ധക്യകാലപെൻഷൻ | 11311350 | 2026 |
| വികലാംഗപെൻഷൻ | 4836015 | 541 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1055560 | 128 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.11.2016 സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21647/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.2016 മുതൽ 22.8.2016 വരെ | 7/2016 | 31.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2012മുതൽ 19.12.2012വരെ | 2007-08മുതൽ 2011-12വരെ | 15.02.2013 |

## 1-11 ഓഡിറ്റ് സാക്ഷ്യപത്രം

2015-16 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

1. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.

2. B 18 ഷെഡ്യൂളിൽ P A ആയി 200 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

4. വൗച്ചർ ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

5. നിർവഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള നിർവഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/നിർമ്മാണ ക്ഷേമനിധി എന്നിവ ഈടാക്കിയത് അക്കൗണ്ടിൽ വരവ് വെച്ചില്ല.

6 . വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമല്ലാത്തതിനാൽ അക്കൗണ്ടുമായി ഒത്തുനോക്കാൻ കഴിഞ്ഞില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതകൾ പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്

## 2-2 മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

മൊബൈൽ ടവറിന്റെ വസ്തുനികുതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 ടവറുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ അനുസരിച്ചുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ/ കെട്ടിട നം | വിസ്തൃതി (ച.മീ) | കണക്കാക്കിയ നികുതി |
|---|---|---|---|
| 1 | ഹച്ചിസൺ-എസ്സാർ സെല്ലുലാർ ലിമി.(14/100A) | 40 | 19,800 + 990(LC) |
| 2. | ഭാരതി ടെലി വെഞ്ചുർസ്(3/100ബി) | 60 | 24000 + 1200(LC) |
| 3. | എസ്സാർ ടെൽകോം(18/100 എ) | 60 | 24000 + 1200(LC) |
| 4. | എസ്സാർ ടെൽകോം(18/100 എ) | 38 | 15200 + 760(LC) |
| 5. | റിലയൻസ് ഇൻഫോ കോം, കടവന്ത്ര, കൊച്ചിൻ. | വിവരം രേഖപ്പെടുത്തിയില്ല. | |
| 6. | റിലയൻസ് ഇൻഫോ കോം, കടവന്ത്ര, കൊച്ചിൻ. | വിവരം രേഖപ്പെടുത്തിയില്ല. | |
| 7. | ഭാരതി ടെലി വെഞ്ചുർസ്(3/100 എ) | 24 | 14,400+720 ( LC) |
| 8. | വോഡഫോൺ എസ്സാർ | 40 | 43618 + 219 (LC) |

| | | | |
|---|---|---|---|
| | സെല്ലുലാർ(9/100 എ) | | |
| 9. | ടവർ വിഷൻ ഇൻഡ്യ ലിമിറ്റഡ് | 40 | 36,000 + 1800(LC) |
| 10. | WTT ഇൻഫോ സർവീസ് ലിമി. (5/169 A) | 28 | 12,600+630 (LC) |

മേൽ പട്ടികയിൽ ക്രമ നം. 5,6 എന്നിവയുടെ വിസ്തീർണ്ണം, നികുതി കണക്കാക്കിയത്, അടവാക്കിയ തുക തുടങ്ങിയ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. അതേ പോലെ ചെക്ക് & ഡി.ഡി രജിസ്റ്റർ പരിശോധിച്ചതിൽ 05.07.2013, 29.3.2016 എന്നീ തിയ്യതികളിൽ യഥാക്രമം 20,681 രൂപ, 76,157 രൂപ ഇൻഡസ് ടവേർസ് എന്ന സ്ഥാപനം വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥപനത്തിന്റെ പേര് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. രജിസ്റ്ററിൽ 2008-09 കാലയളവ് വരെ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനുശേഷമുള്ള അടവുവിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ സാംഖ്യയുമായി നാളിതുവരെ ലിങ്ക് ചെയ്തിട്ടുമില്ല. 14.01.2011 ലെ സർക്കാർ ഉത്തരവ് നം ജി.ഒ(പി) 20/11/എൽ.എസ്.ജി.ഡി പ്രകാരം മൊബൈൽ ടവറുകൾക്ക് ച.മീറ്ററിന് 500 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിലെ വിവരമനുസരിച്ച് വിവിധ നിരക്കുകളിലാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. വസ്തുനികുതിയുടെ അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ താഴെ പറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആകെ ടവറുകളുടെ എണ്ണം.
2. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരം (ച.മീ. ന് നിശ്ചയിച്ച നികുതി)
3. ഓഡിറ്റ് വർഷം വരെയുള്ള നികുതി കുടിശ്ശികയുടെ വിശദാംശം
4. വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം
5. മുൻ വർഷങ്ങളിൽ കുടിശ്ശികയായ വസ്തു നികുതി ഈടാക്കിയതിന്റെ വിവരം
6. കാലഹരണപ്പെട്ട നികുതിയുണ്ടെങ്കിൽ പ്രസ്തുത വിവരം.

മേൽ സാഹചര്യത്തിൽ മൊബൈൽ ടവറിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 വസ്തു നികുതിയിനത്തിൽ 19.96ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 23വാർഡുകളിൽ നിന്നായി 1996149 രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (ഓഡിറ്റ് കാലയളവ് പ്രകാരം). 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ

സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയപക്ഷം സെക്ഷൻ ക്ളാർക്കുമാരുടേയും മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 അനധികൃത കെട്ടിടനിർമ്മാണങ്ങൾ - തുടർനടപടി സ്വീകരിച്ചില്ല

അനധികൃത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ 3/408 നം. കെട്ടിടത്തിലെ താമസക്കാരനായ ശ്രീ പ്രവീൺ കെ. ആർ, എകരൂൽ എന്ന വ്യക്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിമന്റ് പാവിങ് ടൈൽ നിർമ്മാണ സ്ഥാപനത്തിനെതിരെ 9-6-15 ന് നൽകിയ പരാതിയിൻമേൽ 29-6-15 ന് ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ ചേരുന്ന പരാതി പരിഹാര അദാലത്തിൽ പരിഗണിക്കുന്നതാണെന്നും പ്രസ്തുത അദാലത്തിൽ പരാതിക്കാരനോട് ഹാജരാകാനും നോട്ടീസ് നൽകിയിട്ടുണ്ട് .എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20(1), 20(3) എന്നിവ പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം സെക്രട്ടറിയുടെ അനുമതി ലഭിക്കാതെ തുടങ്ങിയതാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം നിയമവിരുദ്ധമായി നിർമ്മിച്ചതെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ളത്രയും ഭാഗം പൊളിച്ചു കളയാൻ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് 16-11-16ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വോയ്ഡ്സിന്റെ അളവ് കുറയ്ക്കാതെ ബിൽ തയ്യാറാക്കി - കൺവീനർമാർക്ക് 1,62,743 രൂപ അധികം നൽകി

ഡി.എസ്.ആർ പ്രകാരം ഗ്രേഡഡ് മെറ്റൽ സ്റ്റാക്ക് ചെയ്തതിനു ശേഷം പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റലിന്റെ 7.5% വോയ്ഡ്സിന്റെ അളവ് കുറച്ചതിനു ശേഷം മാത്രമേ ബിൽ തുക നൽകുവാൻ പാടുള്ളൂ. എന്നാൽ ഓഡിറ്റ് വർഷം ഡി.എസ്.ആർ നിരക്കിൽ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ റോഡ് പ്രവൃത്തികളിൽ വോയ്ഡ്സിന്റെ അളവ് കുറക്കാതെയാണ് ഗ്രാമപഞ്ചായത്ത് ബിൽ തയ്യാറാക്കിയത്. അപ്രകാരം അധിക നിരക്കിലുള്ള തുക അതാത് പ്രവൃത്തിയുടെ കൺവീനർമാർക്ക് നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര്, എം.ബുക്ക് നം | ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചതിനുള്ള ചെലവ് (ബിൽ / എം.ബുക്ക് പ്രകാരം) | | | 7.5% വോയിഡ്സ് കുറച്ചതിനു ശേഷം കൺവീനർക്ക് അർഹമായ തുക | | | വ്യത്യാസം | ബിൽ/ ഡി.ഡി നം |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9=5-8 | 10 |
| | | ഗ്രേഡ്-11 | ഗ്രേഡ്-111 | ആകെ | ഗ്രേഡ്-11 | ഗ്രേഡ്-111 | ആകെ | | |
| 1. | 104/16, മുണ്ടോചാലിൽ റോഡ്-എം.ബുക്ക് നം. 147/15-16 | 49,946 (30.85m3 @1619.01/ m3) | 50,161 (30.85m3 @1625.98/ m3) | 1,00,107 | 46,207 (28.54m3 @1619.01/ m3) | 46,405 (28.54m3 @1625.98/ m3) | 92,612 | 7,495 | 44/11.03.2016 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 2. | 239/16, മുണ്ടക്കാപ്പൊയിൽ മണങ്ങലച്ചിക്കണ്ടി റോഡ്-എം.ബുക്ക് നം. 141/15-16 | 53,039 (32.76m3 @1619.01/ m3) | 53,267 (32.76m3 @1625.98/ m3) | 1,06,306 | 49,056 (30.30m3 @1619.01/ m3) | 49,267 (30.30m3 @1625.98/ m3) | 98,323 | 7,983 | 05/11.08.2015 |
| 3. | 103/16, പെരിഞ്ചേരി പടിക്കൽ റോഡ്-എം.ബുക്ക് നം. 116/15-16 | 40216 (24.84m3 @1619.01/ m3) | 40,389 (24.84m3 @1625.98/ m3) | 80,605 | 37,205 (22.98m3 @1619.01/ m3) | 37,365 (22.98m3 @1625.98/ m3) | 74,570 | 6,035 | 52/22.3.2016 |
| 4. | 112/16, തച്ചംപൊയിൽ രാരിച്ചംകണ്ടി റോഡ്-എം.ബുക്ക് നം. 150/15-16 | 46,887 (28.96m3 @1619.01/ m3) | 47,088 (28.96m3 @1625.98/ m3) | 93,975 | 43,373 (26.79m3 @1619.01/ m3) | 43,560 (26.79m3 @1625.98/ m3) | 86,933 | 7,042 | 59/22.3.2016 |
| 5. | 78/16, എം.എം. പറമ്പ് അരീക്കരകണ്ടി റോഡ്-എം.ബുക്ക് നം. 84/15-16 | 34,053 (18.29m3 @1619.01/ m3) | 34,200 (18.29m3 @1625.98/ m3) | 68,253 | 31,503 (16.92m3 @1619.01/ m3) | 31,638 (16.92m3 @1625.98/ m3) | 63,141 | 5,112 | |
| 6. | 262/16, ശാന്തിനഗർ തേക്കുള്ളകണ്ടി റോഡ്-എം.ബുക്ക് നം. 90/15-16 | 21,921 (13.54m3 @1619.01/ m3) | 22,016 (13.54m3 @1625.98/ m3) | 43,937 | 20,270 (12.52m3 @1619.01/ m3) | 20,357 (12.52m3 @1625.98/ m3) | 40,627 | 3,310 | |
| 7. | 86/16, ചുരക്കം കാവിൽ എ.സി മുക്ക് റോഡ്-എം.ബുക്ക് നം. /15-16 | --- | 50,442 (31.03m3 @1625.98/ m3) | 50,442 | --- | 46,633 (28.68m3 @1625.98/ m3) | 46,633 | 3,809 | 42/11.3.2016 |
| 8. | 225/16, തോട്ടത്തിൽമുക്ക് അംഗണവാടി റോഡ്-എം.ബുക്ക് നം. 99/15-16 | 31,409 (19.40m3 @1619.01/ m3) | 31,544 (19.40m3 @1625.98/ m3) | 62,953 | 29,061 (17.95m3 @1619.01/ m3) | 29,186 (17.95m3 @1625.98/ m3) | 58,247 | 4,706 | 55/22.3.2016 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 9. | 77/16, മുണ്ടക്കപ്പൊയിൽ കിഴക്കെ വീട്ടിൽ താഴെ റോഡ്-എം.ബുക്ക് നം. 147/15-16 | 42,434 (26.21m3 @1619.01/ m3) | 42,616 (26.21m3 @1625.98/ m3) | 85,050 | 39,245 (24.24m3 @1619.01/ m3) | 39,414 (24.24m3 @1625.98/ m3) | 78,659 | 6,391 | 39/11.3.2016 |
| 10. | 223/16, പുലങ്ങോട്ട് പാറ കൊളക്കണ്ടി റോഡ്-എം.ബുക്ക് നം. 146/15-16 | 34,469 (21.29m3 @1619.01/ m3) | 34,617 (21.29m3 @1625.98/ m3) | 69,086 | 31,878 (19.69m3 @1619.01/ m3) | 32,016 (19.69m3 @1625.98/ m3) | 63,894 | 5,192 | |
| 11. | 208/16, പൂനൂർ കാവിൽ മയങ്ങിൽ റോഡ്-എം.ബുക്ക് നം. 134/15-16 | 41,965 (25.92m3 @1619.01/ m3) | 42,145 (25.92m3 @1625.98/ m3) | 84,110 | 38,824 (23.98m3 @1619.01/ m3) | 38,991 (23.98m3 @1625.98/ m3) | 77,215 | 6,895 | 79/31.3.2016 |
| 12. | 255/16,ഉപ്പംപെട്ടി തീർത്ഥക്കുഴിച്ചാൽ റോഡ്-എം.ബുക്ക് നം. 114/15-16 | 30,048 (18.56m3 @1619.01/ m3) | 30,178 (18.56m3 @1625.98/ m3) | 60,226 | 27,798 (17.17m3 @1619.01/ m3) | 27,918 (17.17m3 @1625.98/ m3) | 55,716 | 4,510 | 76/31.3.2016 |
| 13. | 109/16, വീര്യമ്പ്രം കുണ്ടായി റോഡ്-എം.ബുക്ക് നം. 104/15-16 | 12,320 (7.61m3 @1619.01/ m3) | 60,827 (37.41m3 @1625.98/ m3) | 73,147 | 11,398 (7.04m3 @1619.01/ m3) | 56,259 (34.60m3 @1625.98/ m3) | 67,657 | 5,490 | 63/26.3.2016 |
| 14. | 229/16, തീർത്ഥക്കുഴി ചാലിൽ തെങ്ങിൻ കുന്ന് റോഡ്-എം.ബുക്ക് നം. 128/15-16 | 31,376 (19.38m3 @1619.01/ m3) | 31,511 (19.38m3 @ 1625.98/ m3) | 62,887 | 29,013 (17.92m3 @1619.01/ m3) | 29,138 (17.92m3 @1625.98/ m3) | 58,151 | 4,736 | |
| 15. | 114/16, പുറായിൽ ഇരിങ്ങാച്ചാലിൽ റോഡ്-എം.ബുക്ക് നം. 140/15-16 | --- | 50,292 (30.93m3 @1625.98/ m3) | 50,292 | --- | 46,519 (28.61m3 @1619.01/ m3) | 46,519 | 3,773 | 49/11.3.2016 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 16. | 228/16, കോട്ടയിൽ താഴെകുന്നമ്മൽ മാങ്ങമ്പ മല റോഡ്-എം.ബുക്ക് നം. 147/15-16 | --- | 49,627 (30.30m3 @1625.98/ m3) | 49,627 | --- | 45,576 (28.03m3 @1625.98/ m3) | 45,576 | 4,050 | |
| 17. | 261/16, ചിറക്കൽ കരിങ്കാളി റോഡ്-എം.ബുക്ക് നം. 91/15-16 | 24,567 (15.18m3 @1619.01/ m3) | 24,682 (15.18m3 @1625.98/ m3) | 49,249 | 22,731 (14.04m3 @1619.01/ m3) | 22,829 (14.04m3 @1625.98/ m3) | 45,560 | 3,689 | |
| 18. | 222/16, മുഴിയോട്ടുതാഴം ഭഗവതിചാലിൽ കരാറുപള്ളി കപ്പുറം റോഡ്-എം.ബുക്ക് നം. 78/15-16 | 66,298 (40.95m3 @1619.01/ m3) | 66,583 (40.95m3 @1625.98/ m3) | 1,32,881 | 61,328 (37.88m3 @1619.01/ m3) | 61,592 (37.88m3 @1625.98/ m3) | 1,22,920 | 9,961 | 67/26.3.2016 |
| 19. | 84/16,ഉമ്മിണിക്കുന്ന് പിലാവുള്ളതിൽ റോഡ്-എം.ബുക്ക് നം. 101/15-16 | 40,216 (24.84m3 @1619.01/ m3) | 40,384 (24.84m3 @1625.98/ m3) | 80,600 | 37,205 (22.98m3 @1619.01/ m3) | 37,365 (22.98m3 @1625.98/ m3) | 74,570 | 6,030 | 60/22.3.2016 |
| 20. | 187/16, പുതുക്കുടിക്കുന്ന് വട്ടപ്പൊയിൽ റോഡ്-എം.ബുക്ക് നം.144/15-16 | --- | 88,030 (54.14m3 @1625.98/ m3) | 88,030 | --- | 81,429 (50.08m3 @1619.01/ m3) | 81,429 | 6,601 | 41/11.3.2016 |
| 21. | 209/16, ചാലിൽ ആടമ്പ്ര റോഡ്-എം.ബുക്ക് നം. 129/15-16 | 27,976 (17.28m3 @1619.01/ m3) | 28,097 (17.28m3 @1625.98/ m3) | 56,073 | 25,872 (15.98m3 @1619.01/ m3) | 25,983 (15.98m3 @1625.98/ m3) | 51,855 | 4,218 | 68/31.3.2016 |
| 22. | 234/16, ആനപ്പാറ തടത്തിൽ | 20,772 (12.83m3 | 20,861 (12.83m3 | 41,633 | 19,218 (11.87m3 | 19,300 (11.87m3 | 38,518 | 3,115 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | റോഡ്-എം.ബുക്ക് നം. 112/15-16 | @1619.01/ m3) | @1625.98/ m3) | | @1619.01/ m3) | @1625.98/ m3) | | | |
| 23. | 233/16, തച്ചംപൊയിൽ മാളൂർ കോളനി റോഡ്-എം.ബുക്ക് നം. 113/15-16 | --- | 14,211 (8.74m3 @1625.98/ m3) | 14,211 | --- | 13,138 (8.08m3 @1625.98/ m3) | 13,138 | 1,073 | |
| 24. | 97/16, കിഴക്കയിൽ ചങ്ങരം കൊല്ലത്ത് റോഡ്-എം.ബുക്ക് നം. 82/15-16 | --- | 61,331 (37.72m3 @1625.98/ m3) | 61,331 | --- | 56,730 (34.89m3 @1625.98/ m3) | 56,730 | 4,601 | 50/11.3.2016 |
| 25. | 242/16, കാന്തപുരം കൊല്ലൊന്നമ്മൽ റോഡ്-എം.ബുക്ക് നം. 123/15-16 | --- | 49,267 (30.30m3 @1625.98/ m3) | 49,267 | --- | 45,576 (28.03m3 @1625.98/ m3) | 45,576 | 3690 | |
| 26. | 101/16, അമ്പായപ്പൊയിൽ ഓമനാംകുന്ന് റോഡ്-എം.ബുക്ക് നം.145/15-16 | 12,174 (7.52m3 @1619.01/ m3) | 55,787 (34.31m3 @1625.98/ m3) | 67,961 | 11,268 (6.96m3 @1619.01/ m3) | 51,609 (31.74m3 @1625.98/ m3) | 62,877 | 5,084 | 44/11.3.2016 |
| 27. | 92/16, പി.എച്ച്.സി കൊയിലോത്ത് കണ്ടി റോഡ്-എം.ബുക്ക് നം. 148/15-16 | 41,139 (25.41m3 @1619.01/ m3) | 41,316 (25.41m3 @1625.98/ m3) | 82,455 | 38,047 (23.50m3 @1619.01/ m3) | 38,210 (23.50m3 @1625.98/ m3) | 76,257 | 6,198 | 56/22.3.2016 |
| 28. | 79/16, വാളന്നൂർ ഈങ്ങാരിക്കൽ ചാലിൽ റോഡ്-എം.ബുക്ക് നം. 85/15-16 | 83,876 (45.05m3 @186186/ m3) | 84,237 (45.05m3 @1869.87/ m3) | 1,68,113 | 77,584 (41.67m3 @1861.86/ m3) | 77,917 (41.67m3 @1869.87/ m3) | 1,55,501 | 12,612 | 80/31.3.2016 |
| 29. | 105/16, താന്നിയുള്ള പറമ്പിൽ കാവിലും പാറ | --- | 64,047 (39.39m3 | 64,047 | --- | 59,251 (36.44m3 | 59,251 | 4,796 | 61/26.3.2016 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | റോഡ്-എം.ബുക്ക് നം. /15-16 | | @1625.98/ m3) | | | @1625.98/ m3) | | | |
| 30. | 265/16, കരുമല ചട്ടിക്കൽ റോഡ്-എം.ബുക്ക് നം. 132/15-16 | 30,048 (18.56m3 @1619.01/ m3) | 30,178 (18.56m3 @1625.98/ m3) | 60,226 | 27,782 (17.16m3 @1619.01/ m3) | 27,902 (17.16m3 @1625.98/ m3) | 55,684 | 4.542 | |
| ആകെ | | | | | | | | 1,62,739 | |

മേൽ പട്ടിക പ്രകാരം കൺവീനർമാർക്ക് അധികം നൽകിയ 1,62,739 രൂപ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായതിലും കൂടുതൽ ധനസഹായം നൽകിയതും മറ്റപാകതകളും

നിർവഹണഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രൊജക്ട് - 120/16, ഭവനനിർമ്മാണം (ജനറൽ)

അടങ്കൽ - 40,00,000, വികസന ഫണ്ട് (ജനറൽ)

- 24,00,000, 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

- 4,80,000, തനത് ഫണ്ട്

- 68,80,000

ചെലവ് - 11,00,000 ബിൽ നം. 2/29.7.2015

– 10,00,000 ബിൽ നം. 3/29.7.2015

– 3,80,000 ബിൽ നം. 5/18.10.2015

- 6,60,000 ബിൽ നം. 4/18.10.2015

- 7,40,000 ബിൽ നം. 7/21.12.2015

- 6,80,000 ബിൽ നം. 8/11.2.2016

- 4,00,000 ബിൽ നം. 9/28.3.2016

– 5,80,000 ബിൽ നം. 11/28.3.2016

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 200000രൂപ വീതം ധനസഹായം നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. ജി ഒ (എം.എസ്) 362/13/തസ്വഭവ തീയതി 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.6(1) പ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് പൊതുവിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 2,00,000രൂപയാണ്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക്

ഭവനനിർമ്മാണത്തിന് 2,40,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. തുക നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക/തീയതി | അനുവദി ക്കാവുന്ന തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഷെർളി താഴെ ആമിഞ്ചേരി | 80000 -30.3.15<br>60000-29.7.15<br>40000-21.12.15<br>60000-11.2.16<br>2,40,000 | 2,00,000 | 40,000 | |
| 2 | ജമീല കുർമ്മഞ്ചാലിൽ | 80000 -30.3.15<br>60000-29.7.15<br>40000-18.10.15<br>60000-11.2.16<br>2,40,000 | 2,00,000 | 40,000 | 40000 രൂപ കൈപ്പറ്റിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കൈപ്പറ്റ് രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് |
| 3 | സുനിത കാർത്ത്യേലത്ത് | 80000 -30.3.15<br>60000-18.10.15<br>40000-21.12.15<br>60000-28.3.16<br>2,40,000 | 2,00,000 | 40,000 | |
| | | ആകെ | | 1,20,000 | |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായതിലും കൂടുതൽ ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് , തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1 | പ്രേമജ കുളിക്കുളങ്ങര | 1,80,000 |
| 2 | നൂർജഹാൻ | 1,80,000 |
| 3 | രാധ പറച്ചാലിൽ | 1,40,000 |
| 4 | സൗമിനി വട്ടോംവീട്ടിൽ | 1,80,000 |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിന്റെ നടത്തിപ്പ് ചുമതലയിൽപ്പെടാത്ത സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം ചെയ്തു.

പ്രോജക്റ്റിന്റെ പേര്, നമ്പർ : സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ

ചെലവ് : 4,97,924/-(സംരക്ഷണ ഗ്രാന്റ്-റോഡിതരം)

ബിൽ നം. : 2/31.12.15

നിർവ്വഹണം : ഹെഡ് മിസ്ട്രസ്, ഗവ: യു.പി. സ്കൂൾ-ഉണ്ണികുളം

ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലേയ്ക്ക് ബഞ്ച്, ഡസ്ക് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സിഡ്കൊയിൽ നിന്നും 42 വീതം ബഞ്ചും ഡസ്കും 4,97,924 രൂപ ചെലവഴിച്ച് നിർവ്വഹണോദ്യഗസ്ഥ വാങ്ങി ഗ്രാമപഞ്ചായത്തിലെ 10 സർക്കാർ സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. സിഡ്കൊ സമർപ്പിച്ച ഇൻവോയ്സിൽ (ഇൻവോയിസ് നംMKTCELL CLT 0219 തീയതി.08.12.2015) ബഞ്ചിന്റെ സ്പെസിഫിക്കേഷൻ (180x30x45 cm) സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഡസ്കിന്റേത് രേഖപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ സ്കൂളുകളിൽപ്പെട്ട ഗവ: എച്ച്.എസ് ശിവപുരത്തിന് 4 വീതം ബഞ്ചും ഡസ്കും വിതരണം ചെയ്തിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് (1) ാം ഉപവകുപ്പ് മൂന്നാം പട്ടികയിലെ ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് മാത്രമേ ഉൾപ്പെടുന്നുള്ളൂ. കൂടാതെ മേൽ ആക്ടിലെ 173ാം വകുപ്പ് (1) ാം ഉപവകുപ്പ് - അഞ്ചാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ ചുമതലകളിൽ സർക്കാർ ഹൈസ്കൂളുകളുടെയും (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ) ഹയർ സെക്കന്ററി സ്കൂളുകളുടെയും നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്. സ.ഉ (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി. 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 4(2) പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതും, കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം പ്രോജക്ടുകൾ തയ്യാറേക്കേണ്ടത് എന്ന് നിർദ്ദേശിക്കുന്നു. ഇതിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ നടത്തിപ്പ് ചുമതലയിൽപ്പെടാത്ത ഗവ: എച്ച്.എസ് ശിവപുരത്തിന് 4 വീതം ബഞ്ചും ഡസ്കും വാങ്ങി വിതരണം ചെയ്തതിന് ചെലവായ 47,421 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രോജക്റ്റിന്റെ പേര്, നമ്പർ : എസ്.ടി വിദ്യാർഥികൾക്ക് പഠനോപകരണം

ചെലവ് : 99,844/-(വികസന ഫണ്ട്)

ബിൽ നം. : 3/26.03.16

നിർവ്വഹണം : ഹെഡ് മിസ്ട്രസ്, ഗവ: യു.പി. സ്കൂൾ-ഉണ്ണികുളം

ഗ്രാമപഞ്ചായത്തിലെ എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാമസഭാലിസ്റ്റിന്റെയും

പ്രധാനാദ്ധ്യാപകന്റെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ സ്റ്റീൽ മേശ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സിഡ്കോയിൽ നിന്നും 25 സ്റ്റീൽ മേശകൾ 99,844 രൂപ ചെലവഴിച്ച് നിർവ്വഹണോദ്യഗസ്ഥ വാങ്ങി 25 വിദ്യാർഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി. 16.11.2013 അനുബന്ധം.16 ഖണ്ഡിക6(8-3) അനുസരിച്ച് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം പഠനോപകരണം നൽകേണ്ടതെന്നും ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതുണ്ടെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയോ വിതരണം സ്കൂൾ അധികൃതർ മുഖേന നടത്തുകയോ ചെയ്തില്ല. ആനുകൂല്യം ലഭിച്ച വിദ്യാർഥികൾ എസ്.ടി വിഭാഗത്തിൽപ്പെടുന്നവരാണെന്നതിന് യാതൊരു തെളിവും ഫയലിൽ ലഭ്യമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി പഞ്ചായത്തുകൾക്ക് നൽകേണ്ടത് ഗ്രാമസഭകളാണ്. ഗുണഭോക്താക്കളെ അവരുടെ അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ചുമതലയും ഗ്രാമസഭകൾക്കാണ്. ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ 99,844 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 IRC സ്പെഫിക്കേഷന് വിരുദ്ധമായി ക്വാറിപൊടി സബ് ബേസായി ഉപയോഗിച്ച് റോഡ് പ്രവൃത്തി നടത്തി.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായി നടത്തിയ ആകെയുള്ള 83റോഡ് പ്രവൃത്തികളിൽ 73 എണ്ണം സോളിംഗ്, മെറ്റലിംഗ്, ടാറിംഗും 10 എണ്ണം റോഡ് കോൺക്രീറ്റും ഉൾപ്പെട്ടതാണ്. കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെപെടുത്താനും നിഷ്കർഷിക്കുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷൻ 62-2014 ആണ് ഗ്രാമീണ റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നത്. ഈ സ്പെസിഫിക്കേഷനിൽ ട്രാഫിക്കിന്റെ ബാഹുല്യം അടിസ്ഥാനപ്പെടുത്തിയാണ് വ്യത്യസ്തരീതിയിലുള്ള സബ്ഗ്രേഡ് ഉപയോഗിക്കേണ്ടതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നടത്തിയ കോൺക്രീറ്റ് പ്രവർത്തികൾ, ട്രാഫിക്ക് സംബന്ധിച്ചുള്ള സർവ്വെയോ, മറ്റ് അന്വേഷണങ്ങളോ അടിസ്ഥാനപ്പെടുത്തിയല്ല ചെയ്തിട്ടുള്ളത്. മാത്രമല്ല പ്രസ്തുത സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുള്ള സബ്ഗ്രേഡുകൾ ഒന്നുംതന്നെയല്ല പഞ്ചായത്തിലെ പ്രവർത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് റോഡ് നിർമ്മിക്കുന്ന സ്ഥലം വെള്ളക്കെട്ടുള്ളതാണെന്നാണ്. വെള്ളക്കെട്ടിന് പരിഹാരമായി സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment) ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 34, 305 നം.ഇനങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

എർത്ത് വർക്ക് ചെയ്തതിനുശേഷം ഗ്രേഡ് ചെയ്യാത്ത ക്വാറിപ്പൊടി സബ് ബേസ് ആയി ഉപയോഗിക്കുകയും അതിനു മുകളിൽ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയാണ് ഗ്രാമപഞ്ചായത്ത് ഭൂരിഭാഗം റോഡുകളിലും നടത്തിയത്. ക്വാറിപ്പൊടി ഉപയോഗിക്കുന്നതിന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ വ്യവസ്ഥയില്ല. ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. എർത്ത് വർക്ക് ചെയ്തതിനുശേഷം ഗ്രേഡ് ചെയ്യാത്ത ക്വാറിപ്പൊടി സോളിംഗിന് മുൻപ് അനാവശ്യമായി ഉപയോഗിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 നിർമ്മാണ പ്രവൃത്തികൾ - കൺവീനർമാരിൽ നിന്നും ആദായ നികുതി

<u>ഈടാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ നിർമ്മാണ പ്രവൃത്തികളിൽ കൺവീനർമാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. എന്നാൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും "വാറ്റ്" ഇനത്തിൽ 5% വും കെട്ടിട നിർമ്മാണ ക്ഷേമനിധിയിലേക്ക് അടവാക്കുന്നതിനായി പ്രവൃത്തി മൂല്യത്തിന്റെ 1% വും ഈടാക്കിയിട്ടുണ്ട്. 1961 ലെ ആദായ നികുതി വകുപ്പ് 194(സി) പ്രകാരം കരാർ ഉടമ്പടി ഒപ്പുവെച്ച് നടത്തുന്ന പ്രവൃത്തി ബില്ലുകളിൽ നിന്നും 2% നികുതി കുറവ് ചെയ്യേണ്ടതാണ്. ആദായ നികുതി കണക്കാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| 2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | 100 |
| 100 പ്രോജക്ടുകൾക്കും കൂടി ചെലവായ തുക | 2,55,92,201/- |
| (-)കരാറുകാർ നടത്തിയ പ്രവൃത്തികൾക്ക് ചെലവായ തുക(താഴെ പട്ടിക രൂപത്തിൽ കൊടുക്കുന്നു) | 11,71, 535/-* |
| കൺവീനർ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾക്ക് ചെലവായ തുക | 2,44,20,666/- (2,55,92,201-11,71,535) (ഈ തുകയിൽ 5% വാറ്റും 1% തൊഴിലാളി ക്ഷേമനിധി ഫണ്ടും ഉൾപ്പെടുന്നു). |
| കൺവീനർ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ആകെ മൂല്യം | 2,30,38,364/- (2,44,20,666x100/106) |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | 4,60,767/- (2,30,38,364x2%) |

| *കരാറുകാർ നടപ്പിലാക്കിയ പ്രവൃത്തികൾ | |
|---|---|
| പ്രോജക്ട് നം | തുക |
| 35/2016 | 1,15,861 |
| 46/2016 | 1,21,612 |
| 78/2016 | 1,96,000 |
| 79/2016 | 4,79,952 |
| 108/2016 | 2,00,000 |

| | |
|---|---|
| 281/2016 (നിക്ഷേപം) | 58,110 |
| ആകെ | 11,71,535 |

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ നിർമ്മാണ പ്രവൃത്തികളിൽ കൺവീനർമാരിൽ നിന്നും ആദായ നികുതി ഈടാക്കാതിരുന്നത് ആദായ നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## 3-7 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. മരാമത്ത് പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷം 4,83,05,409 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2,55,92,201 രൂപയാണ് പ്രവൃത്തിക്കായി ചെലവഴിച്ചത് (52.98%) മാത്രമാണ്. 2015-16 വർഷം 172 പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും 100 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് ഫണ്ട് ചെലവഴിച്ചിരിക്കുന്നത്.

2. കാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തി ബില്ലുകളിൽ ഒന്നും തന്നെ പ്രവൃത്തി തുടങ്ങിയ തീയതി, പൂർത്തീകരിച്ച തീയതി, കരാർ നമ്പർ, കൺവീനർ/കരാറുകാരന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പിഴ ചുമത്തുന്നതിനോ പ്രവൃത്തി റദ്ദാക്കുന്നതിനോ കരാർ ഉടമ്പടി ഒപ്പുവെച്ച ഉദ്യോഗസ്ഥന് കഴിയുന്നില്ല.

4. ഓഡിറ്റ് വർഷത്തിൽ കരാറുകാർ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച ഫയലിൽ അവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് അടക്കം ചെയ്തില്ല.

5. ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹണ ചുമതലയേറ്റെടുത്ത ഭൂരിഭാഗം റോഡ് പ്രവൃത്തികളിലും ബിറ്റുമെൻ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഫയലിൽ അടക്കം ചെയ്തില്ല.

6. അളവ് പുസ്തകത്തിൽ അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീൽ പതിച്ചതിൽ പേര് രേഖപ്പെടുത്തിയിട്ടില്ല.

7. ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹണ ചുമതലയേറ്റെടുത്ത മിക്ക റോഡ് ടാറിംഗ് പ്രവൃത്തികളിലും ബിറ്റുമെൻ, കരാറുകാരോ മറ്റ് കച്ചവട സ്ഥാപനങ്ങളോ വിതരണം ചെയ്തതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ആയതിന് വെള്ളക്കടലാസിലുള്ള ഒരു രസീതി മാത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ( ഉദാ: പ്രോജക്ട് നം. 109/16, 225/16)

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-8 കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ഇരുപ്പായിക്കുന്ന്, പന്നിവെട്ടുംചാൽ, ഇരുമ്പോട്ടുപൊയിൽ എന്നീ കുടിവെള്ളപദ്ധതികളുടെ മോട്ടോറുകൾ പ്രവർത്തനരഹിതമായതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാരും കുടിവെള്ളപദ്ധതി പരിപാലനകമ്മിറ്റിയും പഞ്ചായത്തിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. കാലപ്പഴക്കം കാരണം മോട്ടോർ ജലവിതരണത്തിന് ഉപയുക്തമല്ലെന്നും ആയത് റിപ്പയർ ചെയ്യാൻ സാധ്യമല്ലെന്നും അസി.എഞ്ചിനീയർ

റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് പുതിയ മോട്ടോറുകൾ വാങ്ങുന്നതിന് 31.3.15ലെ 1/3/15നമ്പരായി ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഇതു പ്രകാരം 3 വ്യത്യസ്ത പ്രൊജക്ടുകൾ രൂപീകരിച്ച് മോട്ടോറുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രൊജക്ട് - 247/16,പന്നിവെട്ടുംചാൽ കുടിവെള്ളപദ്ധതി - മോട്ടോർ വാങ്ങൽ

അടങ്കൽ - 50000,തനത് ഫണ്ട്

ചെലവ് - 46000, ചെക്ക് നം.264892/31.3.16

ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത റീന എഞ്ചിനീയറിംഗ് കമ്പനിയുടെ 17.3.15തീയതിയിലെ ക്വട്ടേഷൻ അംഗീകരിച്ചു.

2.പ്രൊജക്ട് - 245/16,ഇരുമ്പോട്ടുപൊയിൽ കുടിവെള്ളപദ്ധതി - മോട്ടോർ വാങ്ങൽ

അടങ്കൽ - 40000,തനത് ഫണ്ട്

ചെലവ് - 37500, ചെക്ക് നം.24347/3.2.2016

ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ഭാരത് എഞ്ചിനീയറിംഗ് കമ്പനിയുടെ ക്വട്ടേഷൻ അംഗീകരിച്ചു.

3.പ്രൊജക്ട് - 244/16,ഇരുപ്പായിക്കുന്ന് കുടിവെള്ളപദ്ധതി - മോട്ടോർ വാങ്ങൽ

അടങ്കൽ - 80000,തനത് ഫണ്ട്

ചെലവ് - 76850, ചെക്ക് നം.23983/12.10.2015

ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ഭാരത് എഞ്ചിനീയറിംഗ് കമ്പനിയുടെ ക്വട്ടേഷൻ അംഗീകരിച്ചു.

മേൽ പദ്ധതികൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങേണ്ടത് സർക്കാർ ഉത്തരവ് (പി) 259/2010 ത സ്വ ഭ വ തീയതി 8.11.2010 പ്രകാരമുള്ള പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചാണ്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും ,കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും,ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു.ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ 3 മോട്ടോറുകൾ വാങ്ങാൻ 31.3.15ലെ ഭരണസമിതി തീരുമാനമെടുത്തെങ്കിലും 3 പ്രൊജക്ടുകളിലായി 160350രൂപ ചെലവഴിച്ച് 3 മോട്ടോറുകൾ വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ച് പല സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്. മേൽ ഉത്തരവ് പ്രകാരം 100000 രൂപയിൽ കൂടുതൽ മതിപ്പു വില വരുന്ന വാങ്ങലുകൾ ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങേണ്ടത്. ടെണ്ടർ നടപടികൾ ഒഴിവാക്കാൻ 100000രൂപയിൽ കുറവ് അടങ്കലിൽ 3 പ്രൊജക്ടുകൾ തയ്യാറാക്കി മോട്ടോറുകൾ വാങ്ങിയത് ശരിയായ നടപടിയല്ല.

2. പ്രൊജക്ട് രൂപീകരിക്കുന്നതിന് മുമ്പ് തന്നെ ക്വട്ടേഷൻ ക്ഷണിച്ചു.

പുതിയ മോട്ടോറുകൾ വാങ്ങുന്നതിനുള്ള തീരുമാനമെടുത്തത് 31.3.15ലെ ഭരണസമിതി യോഗത്തിലാണ്.

എന്നാൽ പന്നിവെട്ടുംചാൽ കുടിവെള്ളപദ്ധതിയുടെ മോട്ടോർ വാങ്ങുന്നതിനുള്ള ക്വട്ടേഷനുകൾ 17.3.15ന് ലഭിച്ചിട്ടുണ്ട്. അതായത് ഭരണസമിതി തീരുമാനമെടുക്കുന്നതിന് മുമ്പ് തന്നെ ക്വട്ടേഷൻ ക്ഷണിച്ച് മോട്ടോർ വാങ്ങിയിട്ടുണ്ട്.

3. പഴയ മോട്ടോറുകൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

പഴയ മോട്ടോറുകൾ ലേലം ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 160350രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 തെരുവ് വിളക്ക് സ്ഥാപിക്കൽ 2012-13 -സിഡ്കോയ്ക്ക് ബാലൻസ് തുക നൽകൽ - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 64/16, തെരുവ് വിളക്ക് സ്ഥാപിക്കൽ 2012-13 -സിഡ്കോയ്ക്ക് ബാലൻസ് തുക നൽകൽ

അടങ്കൽ - 95373 തനത് ഫണ്ട്

ചെലവ് - 95373, ചെക്ക് നം. 24810/31.3.2016

2012-13 വർഷം നടപ്പിലാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി(285/13) പ്രകാരം സിഡ്കോയിൽ നിന്ന് തെരുവുവിളക്കുകൾ വാങ്ങിയതിൽ ബാക്കി നൽകാനുള്ള തുക നൽകുന്നതിന് വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയത്. ആകെ നൽകാനുള്ള 213350 രൂപയിൽ 130957 രൂപയാണ് 2012-13ൽ നൽകിയത്.ബാക്കി 82393 രൂപയും ഇൻസ്റ്റലേഷൻ ചാർജ് 12980 രൂപയും ചേർത്ത് 95373 രൂപ തൻവർഷം നൽകി. പദ്ധതി നടപ്പിലാക്കിയതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. 2012-13ൽ പൂർത്തിയാകാത്ത പദ്ധതി തൊട്ടടുത്ത വർഷം സ്പിൽ ഓവർ പ്രൊജക്ട് ആയി ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ 2013-14, 2014-15 വർഷങ്ങളിൽ പ്രൊജക്ട് വെയ്ക്കാത്തതുകൊണ്ടാണ് 2015-16 വർഷം പ്രൊജക്ട് ഉൾപ്പെടുത്തിയതെന്ന് പ്രൊജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2102-13ൽ തന്നെ പൂർത്തിയായ പ്രൊജക്ടിന്റെ തനത് ഫണ്ട് വിഹിതം നൽകാൻ 2 വർഷം കഴിഞ്ഞ് പ്രൊജക്ട് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

2. സിഡ്കോ സമർപ്പിച്ച ബിൽ പ്രകാരം 36W സി എഫ് എൽ 63 എണ്ണവും 22W സി എഫ് എൽ 55 എണ്ണവും ഉൾപ്പെടെ ആകെ 118 വിളക്കുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 95373 രൂപ നൽകിയിട്ടുള്ളത്. മെമ്പർമാർ നൽകിയ സാക്ഷ്യപത്രപ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രൊജക്ട് 285/13 പ്രകാരം സ്ഥാപിച്ചത് - 56

പ്രൊജക്ട് 334/13 പ്രകാരം സ്ഥാപിച്ചത് - 13

പ്രൊജക്ട് 406/14 പ്രകാരം സ്ഥാപിച്ചത് - 23

ആകെ -92

പ്രൊജക്ട് 285/13 പ്രകാരം 56 സി എഫ് എൽ സ്ഥാപിച്ചതായാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയത്. അതായത് 118 എണ്ണം സ്ഥാപിച്ചിട്ടുണ്ടോ എന്നുറപ്പ് വരുത്താതെ സിഡ്കോ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്.

3. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.3.2013ലെ 3966/285/12(1) നം. പ്രൊസീഡിംഗ്സ് പ്രകാരം പ്രൊജക്ട് 285/13 പ്രകാരം സിഡ്കോയ്ക്ക് തെരുവുവിളക്കുകളുടെ വിലയായി 213350രൂപ താഴെ പറയും പ്രകാരം

അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് - 91095

വികസനഫണ്ട് (പൊതുവിഭാഗം) - 39682

തനത് ഫണ്ട് - 82393

ഇതു പ്രകാരം 82393 രൂപയാണ് സിഡ്കോയ്ക്ക് നൽകാനുള്ളത്. അതായത് ഇൻസ്റ്റലേഷൻ ചാർജ് ഒഴികെ ഉള്ള തുകയാണ് 2012-13ൽ സെക്രട്ടറി അനുവദിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച് 2 വർഷത്തിന് ശേഷം ഇൻസ്ററലേഷൻ ചാർജ് 12980രൂപ നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-10 അടുക്കളത്തോട്ടം - പച്ചക്കറി കൃഷി (വനിത) - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്റ്റ് - 41/16, പച്ചക്കറി കൃഷി (വനിത)

അടങ്കൽ - 5,00,000 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

- 1,00,000 ഗുണഭോക്തൃവിഹിതം

ചെലവ് - 5,00,000/- ബിൽ നം.3/30.3.16

ഗ്രാമപഞ്ചായത്തിലെ 10000 ഗുണഭോക്താക്കൾക്ക് 20ഗ്രാം വീതം പച്ചക്കറി വിത്തും 3കി.ഗ്രാം ജൈവവളവും നൽകുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. ഓരോ വാർഡിലെ ഗുണഭോക്താക്കളിൽ നിന്ന് ഒരു കൺവീനറെ തെരഞ്ഞെടുക്കുകയും കൺവീനർ ഗുണഭോക്താക്കളിൽ നിന്ന് ജൈവവളത്തിന്റെ ഗുണഭോക്തൃവിഹിതമായ 10രൂപ വീതം ശേഖരിക്കുകയും അത് കൃഷി ഭവനിൽ അടച്ച് രശീതി കൈപ്പറ്റുന്നു ആയതിനനുസരിച്ച് വിത്തുകളും വളവും വിതരണം ചെയ്യാനുമാണ് പദ്ധതി രൂപീകരിച്ചത്. വി എഫ് പി സി കെ, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വിത്തുകൾ വാങ്ങുന്നതിന് 2,00,000 രൂപയും വളത്തിന്റെ വില 3,00,000രൂപയും കൂടി ആകെ 5,00,000രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾകാണുന്നു.

1. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ (സി),3എ (ജെ) എന്നിവ പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടത് ഗ്രാമസഭകളാണ്. എന്നാൽ മേൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

2. ഗുണഭോക്താക്കൾക്ക് രശീത് നൽകി ഗുണഭോക്തൃ വിഹിതം സമാഹരിക്കേണ്ടതിനു പകരം ഓരോ വാർഡിലെയും കൺവീനർമാർ ഗുണഭോക്തൃവിഹിതം ശേഖരിച്ച് വളം നൽകിയ ബാങ്കിൽ നേരിട്ട് അടയ്ക്കുകയാണ് ചെയ്തത്. ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ രശീതി ബുക്ക് മുഖേന പിരിച്ചെടുത്തില്ല. അതിനാൽ തന്നെ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുക പൂർണ്ണമായും ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നതു് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 വാട്ടർ ചാർജ്-അധികം അടവാക്കിയത്

ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയും 05/11/2009 ന് നടത്തിയ സംയുക്ത പരിശോധനയിൽ (അസി.

എഞ്ചിനീയറുടെ എ.ഇ. ക്യൂ1/ഉണ്ണികുളം/09/ തിയതി.16.11.2009 നമ്പർ കത്ത്), ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം 126 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2013 ജൂലൈ മുതൽ 137 ടാപ്പുകൾക്ക് പ്രതി വർഷം 5250/-രൂപ നിരക്കിൽ (ഓഗസ്റ്റ്2014 വരെ പ്രതി വർഷം 3500/-രൂപ നിരക്കിൽ) അടവാക്കുന്നു. വിശദ വിവരം താഴെ നൽകുന്നു

| ക്രമ. നം | വൗച്ചർ.നം/തിയതി | തുക | വിശദാംശം | അടവാക്കേണ്ടത് | അധികം അടവാക്കിയത് |
|---|---|---|---|---|---|
| 1 | 21300477/17.08.13 | 39958 | 07/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 2 | 21300671/12.09.13 | 39958 | 08/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 3 | 21301070/22.10.13 | 39958 | 09/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 4 | 21301228/13.11.13 | 39958 | 10/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 5 | 21301352/10.12.13 | 39958 | 11/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 6 | 21301478/04.01.14 | 39958 | 12/13 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 7 | 31300314/15.02.14 | 39958 | 01/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 8 | 31300342/14.03.14 | 39958 | 02/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 9 | 21400044/24.04.14 | 39958 | 03/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 10 | 21400113/16.05.14 | 39958 | 04/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 11 | 21400183/11.06.14 | 39958 | 05/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 12 | 21400253/09.07.14 | 39958 | 06/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 13 | വിവരം ലഭ്യമല്ല | 39958 | 07/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 14 | 21400511/16.09.14 | 39958 | 08/14 ലെ വാട്ടർ ചാർജ് | 36750 | 3208 |
| 15 | 21400569/01.10.14<br>21400727/06.11.14 | 39958<br>19980 | 09/14 ലെ വാട്ടർ ചാർജ് | 36750<br>18375 | 3208<br>1605=(4813) |
| 16 | 21400729/06.11.14 | 59938 | 10/14 ലെ വാട്ടർ ചാർജ് | 55125 | 4813 |

| | | | | | |
|---|---|---|---|---|---|
| 17 | 21400838/09.12.14 | 59938 | 11/14 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 18 | 21400940/05.01.15 | 59938 | 12/14 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 19 | 21401049/06.02.15 | 59938 | 01/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 20 | 21401207/12.03.15 | 59938 | 02/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 21 | 21500039/09.04.15 | 59938 | 03/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 22 | വിവരം ലഭ്യമല്ല | 59938 | 04/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 23 | 21500167/05.06.15 | 59938 | 05/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 24 | 2150026../08.07.15 | 59938 | 06/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 25 | വിവരം ലഭ്യമല്ല | 59938 | 07/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 26 | വിവരം ലഭ്യമല്ല | 59938 | 08/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 27 | 21500526/12.10.15 | 59938 | 09/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 28 | 21500622/23.11.15 | 59938 | 10/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 29 | 21500688/19.12.15 | 59938 | 11/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 30 | 21500791/21.01.16 | 59938 | 12/15 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 31 | 21500902/22.02.16 | 59938 | 01/16 ലെ വാട്ടർ ചാർജ് | 55125 | 4813 |
| 32 | 21500987/15.03.16 | 59938 | 02/16 ലെ വാട്ടർ ചാർജ് | 55125 | 4813 |
| ആകെ അധികം | | | | | 131546 |

ഇതുമായി ബന്ധപ്പെട്ട് 10/11/2016 ന് നൽകിയ എൻക്വയറിക്ക് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന് പ്രതിമാസം 4813 രൂപയാണ് ഇതിലൂടെ നഷ്ടമായിക്കൊണ്ടിരിക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അധികം അടവാക്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ നഷ്ടം ആവർത്തിക്കാതിരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 അവശ്യ മരുന്ന് ഇല്ലാതെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു.

പ്രോജക്ട് നം : 251/15-16

ഡിഡി നം : 238626 ,61 /28-1-16 ,29-1-16

ഫണ്ടിനം : 896 രൂപ തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട് 119104രൂപ

നിർവഹണ ഉദ്യോഗസ്ഥ : ഹോമിയോ മെഡിക്കൽ ഓഫീസർ

ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങാൻ വേണ്ടി മേൽ പ്രോജക്ട് പ്രകാരം 1,20,000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചത് ഡി.ഡി അയച്ചതിനു ശേഷം ഏതാണ്ട് 10 മാസം കഴിഞ്ഞ് 8-11-16 നാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ ഒന്നും തന്നെ കാലങ്ങളായി സ്റ്റോക്കിലില്ലെന്ന് കണ്ടു. വകുപ്പിൽ നിന്നുള്ള മരുന്നുകളും മാസങ്ങൾക്ക് മുൻപെ ഉപയോഗിച്ചു കഴിഞ്ഞതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. മരുന്ന് ലഭ്യമാകാത്തതിനെ സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥ ഡി എം ഒയ്ക്ക് കത്തയച്ചതായി പറഞ്ഞെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമാകാതിരുന്ന കാലയളവ് വരെ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. രോഗികൾക്ക് അത്യാവശ്യമായ മരുന്നുകൾ ഇല്ലാതെയാണ് ഹോമിയോ ഡിസ്പെൻസറി മാസങ്ങളോളം പ്രവർത്തിച്ചിരുന്നത്. മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 11-11-16ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-13 ഭവനനിർമ്മാണം (എസ് സി) - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് - 119/16, ഭവനനിർമ്മാണം (എസ് സി)

അടങ്കൽ - 57,00,000, വികസന ഫണ്ട് (ജനറൽ)

- 4,80,000, തനത് ഫണ്ട്

- 61,80,000

ചെലവ് തുക - 31,30,000 രൂപ

ഗ്രാമപഞ്ചായത്തിലെ പട്ടകജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 3,00,000രൂപ വീതം ധനസഹായം നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. പ്രോജക്ട് പ്രകാരം 22 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ജി ഒ (എം.എസ്) 362/13/തസ്വഭവ തീയതി 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.6(1) പ്രകാരം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് , തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1 | പ്രമോദ് പനയുള്ളകണ്ടി | 2,70,000 |
| 2 | ഗീത.പി | 1,20,000 |
| 3 | ലീല.എ.കെ,അരീക്കുഴിയിൽ | 2,10,000 |
| 4 | അൻസി.എം.എം | 20,000 |
| 5 | ശ്രീജ, പരപ്പിൽ വീട് | 2,10,000 |
| 6 | മിനി.ഇ.പി | 2,10,000 |

| | | |
|---|---|---|
| 7 | അരിത്തായി.ടി.എം. | 20,000 |
| 8. | ശശി.യു.കെ | 20,000 |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 ആശ്രയപദ്ധതി - അപാകതകൾ

ആശ്രയ പ്രൊജക്ട് ഒന്നാം ഘട്ടത്തിൽ 39 കുടുംബങ്ങൾ ആണ് ഉള്ളത് (118ഗുണഭോക്താക്കൾ). ഇവരിൽ വീടില്ലാത്തവർ 4 ഉം, വീട് റിപ്പയർ ആവശ്യമുള്ളവർ 30 ഉം ആണ്. ഇതിൽ 2കുടുംബങ്ങൾക്ക് വീടിന് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ വീട് റിപ്പയറിന് ഇതുവരെ ആർക്കും ധനസഹായം അനുവദിച്ചിട്ടില്ല. 2014-15, 2015-16വർഷങ്ങളിൽ വി ഇ ഒ, അസി.സെക്രട്ടറി എന്നിവർ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ പ്രൊജക്ടുകൾ നടപ്പാക്കിയെങ്കിലും ആശ്രയ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. ജി ഒ (എം എസ്) 362/2013 തസ്വഭവ. തീ. 16/11/2013 അനുബന്ധം 14 ഖണ്ഡിക 6.8(i); (ii) എന്നിവ അനുസരിച്ച് എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണം സഹായം നൽകിയതിനുശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അതേപോലെ അഗതികളുടെ ഭവനനിർമ്മാണം/ ഭവന പുനരുദ്ധാരണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ഉത്തരവ് അനുബന്ധം 16 ഖണ്ഡിക 7.18 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയ പരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് സ്ഥലം നൽകൽ, ഭവന നിർമ്മാണം, വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആശ്രയപദ്ധതി പ്രകാരം വീട്, വീട് റിപ്പയർ എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നാളിതുവരെ ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 ഐ എ വൈ വിഹിതമടവാക്കൽ വിശദമായ വിനിയോഗ വിവരമില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

1.പ്രോജക്ട് - 9/16 ഐ എ വൈ വിഹിതം (ജനറൽ)

അടങ്കൽ - 710000/- വികസന ഫണ്ട് (ജനറൽ)

- 650000/- 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

- 1360000

ചെലവ് 3,60,000, ബിൽ നം.4/31.12.15

3,50,000, ബിൽ നം.6/22.3.16

6,50,000, ബിൽ നം.8/31.3.16

2. പ്രോജക്ട് - 58/16 ഐ എ വൈ വിഹിതം (എസ് സി)

അടങ്കൽ - 17,68,000/- വികസന ഫണ്ട് (എസ് സി പി)

ചെലവ് - 1418000, ബിൽ നം.2/31.12.15

- 3,50,000, ബിൽ നം.7/22.3.16

3.പ്രോജക്ട് - 59/16 ഐഎവൈ വിഹിതം (എസ് ടി)

അടങ്കൽ - 92500/- വികസന ഫണ്ട് (എസ് സി പി)

ചെലവ് - 92500, ബിൽ നം.3/31.12.15

ഐ എ വൈ പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ പ്രൊജക്ടുകൾ പ്രകാരം 32,20,500 രൂപ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഏതൊക്കെ ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നുള്ള വിശദ വിവരങ്ങൾ കാണിക്കുന്ന വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-16 വിനിയോഗവിവരം ഹാജരാക്കിയില്ല.

നിർവഹണഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്റ്റ് - കന്നുകുട്ടി പരിപാലനപദ്ധതി, 28/16

അടങ്കൽ - 625000, വികസനഫണ്ട്(ജനറൽ)

- 625000, സംസ്ഥാനവിഹിതം

-1250000, ഗുണഭോക്തൃവിഹിതം

ചെലവ് - 625000, ബിൽ നം.3/31.3.16

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതിയുടെ ഭാഗമായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയരക്ടർക്ക് 625000 രൂപ കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-17 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്, നം : 53/16 എച്ച് എം സി ലാബിനുള്ള വിഹിതം കൈമാറൽ

ഫണ്ട് : തനത് ഫണ്ട്

ചെലവ് : 80000

ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ എച്ച് എം സി ലാബിനുള്ള വിഹിതം കൈമാറിയ വകയിൽ തനത് ഫണ്ടിൽ നിന്ന് 80000 രൂപ ചെലവഴിച്ചി ട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള യാതോരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 16-11-16 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ 80000 രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 3-18 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

പ്രോജക്ടന്റെ പേര്, നം :പി.എച്ച്.സി യിലേക്ക് ഉപകരണങ്ങൽ വാങ്ങൽ,221/16

ബിൽ നം , തുക : 11/15-16 , 39,797/- 19/3/16

ബിൽ നം തുക : 10 /15-16 15900 - 18/3/16

നിർവഹണ ഉദ്യോഗസ്ഥ ൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പിഎച്ച് സിയിലേയ്ക്ക് കേരള ആർട്ടിസാൻ ഡവലമെന്റ് കോർപ്പറേഷനിൽ നിന്ന് സ്റ്റീൽ അലമാര (4 എണ്ണം), ഫിറ്റ് മാൻ ഐ ടി പാർക്ക് എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ ടേബിൾ ( 1 എണ്ണം ) എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട്16-11-16 ന് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് കാലയളവിനുള്ളിൽ ഡെപ്പോസിറ്റ് വർക്ക് ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭവന പദ്ധതി | സഉ 533/2010 ത.സ്വ.ഭ.വ തിയ്യതി .18.2.10 | - | 13541441 | 2850000 | 10691441 |

2014 - 15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 13248941രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.2014-15 ലെ വാർഷികകണക്ക്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 13541441രൂപയാണ്.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50447 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 9838 |
| ആകെ | 60285 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60285 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കോഴിക്കോട് ജില്ല സർവീസ് സഹകരണ ബാങ്ക്, ബാലുശ്ശേരി | 60285 | 100121806120020/12.5.2015 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷത്തിൽ ഓഡിറ്റ് റിക്കവറി ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | ഖ7 | 2003-04 | പൊതു പരാമർശങ്ങൾ തൊഴിൽ യൂണിറ്റുകൾ പരാജയം - പദ്ധതിപ്പണം ദുർവിനിയോഗം ചെയ്തു. | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 2.വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | 1998-99 ൽ 1 ഏക്കർ ചെലവഴിച്ച തുക 715345 |
| 1999-00 | ഖ 32 | 2003-04 | 5.മൈത്രി ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല | ഹൗസിംഗ് ബോർഡിൽ നിന്നും തിരിച്ച് ലഭിക്കാനുള്ള 1600000 രൂപ ലഭിക്കാനുള്ള നടപടി സ്വീകരിച്ചില്ല |
| 2001-02 | | | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ട ത്തിൽ | തെരുവു വിളക്ക് സ്ഥാപി ക്കൽ -117360 |
| 2001-02 | | | “ | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 8.കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാദ്ധ്യത യാകുന്നു. | വൈദ്യുത ചാർജ്ജ്-74131 |
| 2001-02 | 2.1 | 2003-04 | 11.ആഭ്യന്തര നിയന്ത്രണം പാളുന്നു. | വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.ക്യാഷ് ബുക്ക് എഴുതാതെ ചെലവ് |

| | | | | |
|---|---|---|---|---|
| | | | | ചെയ്യുന്നു..ദൈനംദിന കളക്ഷൻ അടുത്ത ദിവസം അടക്കാതെ ജൂനിയർ സൂപ്രണ്ട് കൈവശം വെക്കു ന്നു. |
| 2001-02 | ഭാഗം 1 | 2005-06 | 12. ഗ്രമസഭ നിയമ ലംഘനം തുടരുന്നു. | സമയ പരിധി പാലിച്ചിട്ടില്ല. മിനുട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുക ൾ ഒഴിച്ചിടുന്നു.ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല.10/01 ന ശേഷം 11 മാസം കഴിഞ്ഞാണ് 9/02 ലാണ് സഭ വിളിച്ചു ചേർത്തത്. |
| 01-02 ,2(1)<br>2001-02,2(2) | | 2005-06 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് വരവ് കാലഹരണപ്പെട്ട തുകയുടെ വിവരം | കെട്ടിട നികുതി -175722<br>തൊഴിൽ നികുതി -125150 |
| 2001-02 | | 2005-06 | നികുതി പിരിക്കുന്നതിലെ അലംഭാവം-കുടിശ്ശിക വർദ്ധിക്കുന്നു. | കെട്ടിട നികുതി-741628 |
| 2002-03 | 2.9 | 2006-07 | ഗ്രാമപഞ്ചായത്ത് കെട്ടിട നികുതി ,തൊഴിൽ നികുതി തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | .തൊഴിൽ നികുതി 86000 |
| 2002-03 | 3.17 | 2006-07 | 3.79.12കാർഷികോപകരണങ്ങൾ വിതരണം ചെയ്തതിലേയും പരിപാലനത്തിലേയും അപാകതകൾ | നെൽകൃഷി പ്രോത്സാഹനം-പവർ ടില്ലറുകൾ വാങ്ങി 2 സമിതികൾക്ക് കൈമാറിയെങ്കിലും ഓരോ സമിതിക്കും 2652 രൂപ മാത്ര മാണ് ചെലവ് വന്നത് ഈ സാഹചര്യത്തിൽ പവർ ടില്ലറിന്റെ രജിസ്ട്രേഷൻ പഞ്ചായത്തിന്റെ പേരിൽ നടത്തേണ്ടതിനു പകരം സമിതി യുടെ പേരിൽ നടത്തിയത് അപാകതയാണ്.<br>2.ടില്ലറിന്റെ സൂക്ഷിപ്പ് ഉപയോഗം എന്നിവ കൃഷി ഓഫീസർ പരിശോധന നടത്തിയിരുന്നില്ല.<br>3. ടില്ലറിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധന ക്ക് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കിയില്ല.<br>4.മൂലധന നിക്ഷേപം തിരികെ ലഭിക്കുവാനോ പുനർ നിക്ഷേപം നടത്തു വാനോ ഉള്ള വ്യവസ്ഥ കരാറിൽ ഇല്ല |
| 2002-03 | 3.13 | 2006-07 | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല ,ഉപേക്ഷിച്ചു. | കമ്മ്യൂണിറ്റി ഹാൾ,അടങ്കൽ 1380000 രൂപയിൽ നിന്നും 1577000 രൂപയായി ഉയർത്തി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88877723.86 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75661107 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,30,160 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 42,81,067 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 162739 | ശ്രീമതി. അശ്വതി. എസ്. പ്രസാദ്, അസി. എഞ്ചിനീയർ |
| 3-2 | | 120000 | ശ്രീമതി. ലക്ഷ്മി ശശീന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വീര്യമ്പ്രം സർക്കിൾ) |
| 3-3 | | 47421 | ശ്രീമതി. ഒ കെ മഹിജ, ഹെഡ്മിസ്ട്രസ് ജി യു പി എസ്, ഉണ്ണികുളം |
| ആകെ | | 3,30,160 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 99844 | ശ്രീമതി. ഒ കെ മഹിജ<br>ഹെഡ്മിസ്ട്രസ് ജി യു പി എസ്, ഉണ്ണികുളം |
| 3-8 | 160350 | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി |
| 3-9 | 95373 | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി |
| 3-15 | 3220500 | ശ്രീമതി. സിന്ധു. കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉണ്ണികുളം, കരുമല സർക്കിൾ) |
| 3-16 | 625000 | ഡോ.സി കെ ഷാജിബ്, വെറ്റിനറി സർജൻ |
| 3-17 | 80000 | ഡോ.എ എൻ സഹദേവൻ , മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| ആകെ | 4281067 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലക്ഷ്മി ശശീന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വീര്യമ്പ്രം സർക്കിൾ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വീര്യമ്പ്രം സർക്കിൾ), ഉണ്ണികുളം ഗ്രാ പ | ചെവിടൻ പൊയിൽ, തെച്ചി എം.എം.പറമ്പ്, കോഴിക്കോട് |
| ശ്രീമതി. ഒ കെ മഹിജ<br>ഹെഡ്മിസ്ട്രസ് ജി യു പി എസ്, ഉണ്ണികുളം | ( retired) | വിപഞ്ചിക (വീട്)<br>ബ്ലോക്ക് റോഡ്, ജംക്ഷൻ , ബാലുശ്ശേരി |
| ശ്രീമതി. അശ്വതി എസ് പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ | പ്രശാന്തി (വീട്) കാരപ്പറമ്പ് (പി ഒ) കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | LFKKD/P10/945/11 തി21.07.11 | 7 | |
| 99-00 | LFKKD/P10/945/11 തീയതി: 21.07.11 | 9 | |
| 00-01 | LFKKD/P3/231/10 തീയതി: 22.05.10 | 12 | |
| 01-02 | LFKKD/P3/231/10 തീയതി: 22.05.10 | 5 | |
| 02-03 | LFKKD/P3/231/10 തീയതി:22.05.10 | 22 | |
| 03-04 | LFKKD/P3/231/10 തീയതി: 22.05.10 | 18 | |
| 04-05 | LFKKD/P3/231/10 തീയതി:22.05.10 | 7 | |
| 05-06 | LFKKD/P3/231/10 തീയതി: 22.05.10 | 10 | |
| 06-07 | LFKKD/P10/653/10 തീയതി:18.01.11 | 34 | |

| | | | |
|---|---|---|---|
| 07-08 | LFKKD/P10/1494/11(1)<br>തീയതി: 5.05.12 | 20 | |
| 08-09 | LFKKD/P10/1494/11(2)<br>തീയതി: 8.05.12 | 21 | |
| 09-10 | LFKKD/P10/1068/13<br>തീയതി:29.07.13 | 21 | |
| 10-11 | LFKKD/P10/115/14<br>തീയതി: 5.03.14 | 7 | |
| 11-12 | LFKKD/P10/76/14<br>തീയതി: 6.03.14 | 19 | |
| 2012-13 & 2013-14 | LFKKD P10/333/2015 തീയതി: 13.04.2015 | 27 | |
| 2014-15 | KSA.KKD/P1/1038/2016/ 15.06.2016 | 30 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സത്വര നടപടി സ്വീകരിച്ച് തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി-10/2129 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.22-12-2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2015 –16 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P10/2129 /2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:22-12-2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Unnikulam Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Unnikulam Gramapanchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.